പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 155

01.02.2018 ൽ മറുപടിക്ക്

## ജനമൈത്രി പോലീസ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. എ.എൻ ഷംസീർ<br>ശ്രീ. പി.കെ ശശി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) പോലീസ് സേനയെ ആധുനീകരിക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) പോലീസ് സേനയെ നവീകരിക്കുന്നതിന് നിരവധി പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.<br>• കേന്ദ്രാവിഷ്കൃത പദ്ധതിയായ ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് സിസ്റ്റം രാജ്യത്തെ എല്ലാ പോലീസ് സ്റ്റേഷനുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>• കുറ്റാന്വേഷണം കാര്യക്ഷമമാക്കുന്നതിനും ക്രമസമാധാനം നിലനിർത്തുന്നതിനുമായി അത്യാവശ്യ സന്ദർഭങ്ങൾക്കായുള്ള ഹെൽപ്പ് ലൈൻ നമ്പരുകൾ, ടെലിഫോൺ ഡയറക്ടറി, സ്ത്രീ സുരക്ഷ മുതലായ സംവിധാനങ്ങൾ മൊബൈലിൽ ലഭ്യമാക്കുന്ന 'രക്ഷ' എന്ന ആപ്ലിക്കേഷൻ വികസിപ്പിച്ച് സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. |

- ശാസ്ത്രീയമായ കുറ്റാന്വേഷണത്തിന്റെ ഭാഗമായി നിരവധി അത്യന്താധുനിക സയിന്റിഫിക് ഉപകരണങ്ങൾ ഫോറൻസിക് സയൻസ് ലാബിൽ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. അവയുടെ വിശദാംശം **അനുബന്ധം 1** ആയി ചേർത്തിരിക്കുന്നു.

- അത്യന്താധുനിക സാങ്കേതിക വിദ്യയിലുള്ള അനേകം ഉപകരണങ്ങൾ പോലീസ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി ലഭ്യമാക്കിയിട്ടുണ്ട്. ഇവയുടെ വിശദാംശം **അനുബന്ധം 2** ആയി ചേർത്തിട്ടുണ്ട്.

- 2017-18 സാമ്പത്തിക വർഷത്തിലെ ആധുനികവത്കരണവുമായി ബന്ധപ്പെട്ട പ്രധാന പദ്ധതികളും അവയ്ക്ക് നീക്കി വയ്ക്കപ്പെട്ട തുകകളും **അനുബന്ധം 3** ആയി ചേർത്തിട്ടുണ്ട്.

അതോടൊപ്പം സൈബർ ഇൻവെസ്റ്റിഗേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള രൂപരേഖ പരിശോധിച്ചു വരുന്നു.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടു കൂടി നേഷൻ വൈഡ് എമർജൻസി റെസ്പോൺസ് സിസ്റ്റം എന്ന പദ്ധതി (ഡയൽ 112) നടപ്പിലാക്കി വരുന്നു.

എല്ലാ ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനും ഹൈടെക് ക്രൈം എൻക്വയറി സെൽ,

| | | | |
|---|---|---|---|
| | | | സൈബർ പോലീസ് സ്റ്റേഷൻ എന്നിവ സംയോജിപ്പിച്ച് ഒരു സൈബർ ഡോം ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ ആരംഭിക്കുന്നതിനുമുള്ള നടപടി പരിഗണനയിലാണ്.<br><br>ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി ഇന്റഗ്രേറ്റഡ് ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം നടപ്പിൽ വരുത്തുന്നതിനുള്ള പ്രാരംഭ നടപടി എന്ന നിലയിൽ വിശദമായ പദ്ധതി സമർപ്പിക്കുന്നതിലേയ്ക്ക് കൺസൾട്ടന്റിനെ കണ്ടെത്തുന്നതിന് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ഇത് സംബന്ധിച്ച അനന്തര നടപടികൾക്കായി ട്രാഫിക് പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ നേതൃത്വത്തിൽ ഒരു വിദഗ്ധ സമിതിയെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | ജനമൈത്രി പോലീസ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പരിശീലനങ്ങളും മറ്റു പ്രവർത്തനങ്ങളും നടത്തുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | ബി) | ജനമൈത്രി പോലീസ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതി-നുള്ള പരിശീലനങ്ങളും മറ്റു പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ ജനമൈത്രി സുരക്ഷാ പോലീസ് പദ്ധതിയ്ക്ക് വേണ്ടി 370 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| സി) | ജനമൈത്രി പദ്ധതിയുടെ ഭാഗമായി സ്ത്രീസുരക്ഷാ പ്രവർത്തനങ്ങൾ, രക്തദാന ക്യാമ്പ്, പി.എസ്.സി. കോച്ചിംഗ്, മറ്റ് ക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങി വ്യത്യസ്തമായ പ്രവർത്തന ങ്ങൾ നടത്തി വരുന്നുണ്ടോ; | സി) | നടത്തി വരുന്നുണ്ട്. |

| | |
|---|---|
| ഡി) ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയ്ക്ക് ദേശീയ തലത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ? | ഡി) അംഗീകാരം ലഭിച്ചിട്ടുണ്ട്. പോലീസ് പ്രവർത്തനങ്ങളിൽ ശാസ്ത്ര-സാങ്കേതിക കഴിവുകളും ഉപയോഗവും വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ട് ഡൽഹി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സംഘടനയായ **ഫൗണ്ടേഷൻ ഫോർ റിസർച്ച്** പ്രസിദ്ധീകരിക്കുന്ന ജേർണൽ ആയ കോപ്സ് ടുഡേ ഇന്റർനാഷണലിന്റെ 2017-ലെ പോലീസ് എക്സലൻസ് അവാർഡ് പ്രസ്തുത പദ്ധതിക്ക് ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പൊതു സംരംഭങ്ങൾ മുൻനിർത്തിയാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| ക്രമ നമ്പർ | ഉപകരണത്തിന്റെ പേര് | ഉപയോഗം |
|---|---|---|
| 1 | ഡി.എൻ.എ സീക്വൻസർ | ഡി.എൻ.എ പരിശോധന നടത്തുന്നതിന് |
| 2 | അഡ്വാൻസ് എക്യുപ്മെന്റ് ഫോർ ഡോക്യുമെന്റ് എക്സാമിനേഷൻ | കയ്യേറ്റം, ഒപ്പ്, പാസ്പോർട്ട്, കറൻസി തുടങ്ങിയ ഡോക്യുമെന്റുകൾ പരിശോധിക്കുന്നതിന് |
| 3 | ഡിജിറ്റൽ മൈക്രോസ്കോപ്പ് | രക്ത സാമ്പിളുകളും, മുടിയിഴകളും പരിശോധിക്കുന്നതിന് |
| 4 | സൂം സ്റ്റീരിയോ മൈക്രോസ്കോപ്പ് | ബയോളജി സാമ്പിളുകളും ഡോക്യുമെന്റ്സ്, കൈയ്യക്ഷരം തുടങ്ങിയവയും പരിശോധി ക്കുന്നതിന് |
| 5 | ഫൊറിയർ ട്രാൻസ്ഫോം ഇൻഫ്രാ റെഡ് സ്പെക്ട്രോസ്കോപ്പ് വിത്ത് ലൈബ്രറി | രാസപരിശോധന നടത്തുന്നതിന് |
| 6 | പി.സി.ആർ മെഷീൻ | ഡി.എൻ.എ പരിശോധന നടത്തുന്നതിന് |
| 7 | റിഫ്രാക്ടോമീറ്റർ | രാസപരിശോധന നടത്തുന്നതിന് |
| 8 | അൾട്രാ ലോ ടെമ്പറേച്ചർ ഫ്രീസർ (80 ഡിഗ്രി സെൽഷ്യസ്) | ഡി.എൻ.എ സാമ്പിളുകൾ പരിശോധിക്കുന്നതിന് |
| 9 | റെഫ്രിജറേറ്റഡ് സെൻട്രിഫ്യൂജ് (ഹൈ സ്പീഡ്) | രക്തസാമ്പിളുകൾ പരിശോധിക്കുന്നതിന് |
| 10 | റെഫ്രിജറേറ്റഡ് മൈക്രോ സെൻട്രിഫ്യൂജ് (ഹൈ സ്പീഡ്) | രക്തസാമ്പിളുകളും ശരീര സ്രവങ്ങളും പരിശോധിക്കുന്നതിന് |

സെക്ഷൻ ഓഫീസർ

**അനുബന്ധം 2**

| ക്രമ നമ്പർ | ഉപകരണത്തിന്റെ പേര് |
|---|---|
| 1 | ശരീരത്തിൽ ധരിക്കാവുന്ന തരത്തിലുള്ള ക്യാമറകൾ |
| 2 | ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ ക്യാമറകൾ (CCTV) |
| 3 | സ്പീഡ് റഡാർ (Speed Radar) |
| 4 | വേഗത നിർണ്ണയ ക്യാമറകൾ (Speed Detection Cameras) |
| 5 | വെഹിക്കിൾ മൗണ്ടഡ് ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (Vehicle Mounted GPS Systems) |
| 6 | ട്രാഫിക് സിഗ്നൽ സിസ്റ്റംസ് (Traffic Signal Systems) |
| 7 | ട്രാഫിക് എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ |
| 8 | ട്രാഫിക് ഗെയിമിംഗ് ആപ്ലിക്കേഷനുകൾ |
| 9 | ബ്രൂസ് ബസ്റ്റ് (ആൽക്കഹോൾ /ഡ്രഗ്ഗ് ഡിറ്റക്ഷനു വേണ്ടി) |

സെക്ഷൻ ഓഫീസർ

**അനുബന്ധം 3**

| ക്രമ നമ്പർ | പ്രധാന പദ്ധതികൾ | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 13 ജില്ലകളിൽ പിങ്ക് കൺട്രോൾ റൂമുകൾ സ്ഥാപിക്കുക | 65 |
| 2 | ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനം വികസിപ്പിക്കൽ | 600 |
| 3 | ടെലികമ്മ്യൂണിക്കേഷൻ ശൃംഖലയുടെ വികസിപ്പിക്കൽ | 600 |
| 4 | സൈബർ കുറ്റാന്വേഷണത്തിന്റെ സാങ്കേതികത്വം വികസിപ്പിക്കൽ | 100 |
| 5 | 3 ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ നിർമ്മിക്കൽ, വികസിപ്പിക്കൽ | 450 |
| 6 | പോലീസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർ സോഫ്റ്റ് വെയറും ഫർണിച്ചറും വാങ്ങുന്നതിന് | 290 |
| 7 | 100 പോലീസ് സ്റ്റേഷനുകളിൽ സ്ഥലസൗകര്യം വർദ്ധിപ്പിക്കൽ | 500 |
| 8 | 4 ജില്ലകളിൽ District Control Room നിർമ്മിക്കൽ | 80 |
| 9 | ഇന്റലിജൻസ് സംവിധാനത്തിന്റെ ശാക്തീകരണം | 150 |

സെക്ഷൻ ഓഫീസർ